**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വരൾച്ച 2017-18 - വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ വകുപ്പ്**

സ.ഉ.(സാധാ) നം.**180/2018/ഡി.എം.ഡി.** തീയതി, തിരുവനന്തപുരം, 28 **മാർച്ച്, 2018**

---

പരാമർശം: 1. സ.ഉ(സാധാ) നം.852/2017/ഡി.എം.ഡി., തീയതി 02/03/2017.

2. സ.ഉ(സാധാ) നം.754/2018/തസ്വഭവ., തീയതി 21/03/2018.
3. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 27.03.2018-ലെ യോഗ തീരുമാനം
4. സ.ഉ(പി) നം.1/2018/ഡി.എം.ഡി., തീയതി 27/03/2018.

**ഉത്തരവ്**

സംസ്ഥാനത്ത് വടക്ക കിഴക്കൻ കാലവർഷത്തിലുണ്ടായിരുന്ന മഴക്കുറവിന്റെ പശ്ചാത്തലത്തിൽ ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ വരൾച്ചാ അവലോകനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട്, സംസ്ഥാനത്ത് ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളെ 2017-18-ലെ റാബി സീസണിൽ വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുവാനും അനുവദനീയമായ വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിക്കുവാനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി,സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് പരാമർശം (4) പ്രകാരം പ്രസ്തുത ജില്ലകളെ 2017-18-ലെ റാബി സീസണിൽ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിരുന്നു.

**2)** വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയിലും താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

| **ക്രമ നമ്പർ** | **ജില്ല** | **അനുവദനീയമായ പ്രവൃത്തി** |
|---|---|---|
| 1 | ആലപ്പുഴ | ജില്ലയെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ നിരീക്ഷണത്തിൽ വാട്ടർ കിയോസ്കുകൾ വഴി കുടിവെള്ള വിതരണം നടത്തുന്നതിനും വാഹനം എത്താത്ത സ്ഥലങ്ങളിൽ വള്ളം, ബോട്ട് എന്നിവ ഉപയോഗിച്ച് ബന്ധപ്പെട്ട തഹസിൽദാർമാരുടെ കർശന നിരീക്ഷണത്തിൽ മാത്രം കുടിവെള്ള വിതരണം നടത്തുന്നതിനും അനുമതി നൽകുന്നു. ജില്ലയിൽ ഈ വർഷം ആദ്യം മുതൽ ചില പ്രദേശങ്ങളിൽ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം ആരംഭിച്ചിരുന്ന പ്രവൃത്തിക്ക് സാധൂകരണം നൽകുന്നു. |

| | | |
|---|---|---|
| 2 | ഇടുക്കി | ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കുടിവെള്ള വിതരണം ആവശ്യമാണെന്ന് അംഗീകരിക്കുന്ന സ്ഥലങ്ങളിൽ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പ്രസ്തുത സ്ഥലങ്ങൾ പ്രത്യേക ഉത്തരവായി 'നോട്ടിഫൈ' ചെയ്ത ശേഷം ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ നിരീക്ഷണത്തിൽ വാട്ടർ കിയോസ്കുകൾ വഴി കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി നൽകുന്നു. |
| 3 | തൃശ്ശൂർ | ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ നിരീക്ഷണത്തിൽ വാട്ടർ കിയോസ്കുകൾ വഴി കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി നൽകുന്നു. |
| 4 | പാലക്കാട് | ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ നിരീക്ഷണത്തിൽ വാട്ടർ കിയോസ്കുകൾ വഴി കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി നൽകുന്നു. 33% ത്തിൽ അധികം കൃഷി നാശമുണ്ടെന്ന് കൃഷി വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത റിപ്പോർട്ടിന് വിധേയമായി മാത്രം കൃഷി നാശം സംബന്ധിച്ച് കേന്ദ്ര മാനദണ്ഡം അനുവദിക്കുന്ന ആശ്വാസ സഹായം (Relief Assistance) അനുവദിക്കുന്നതിന് അനുമതി നൽകുന്നു. മൃഗ സംരക്ഷണ മേഖലയിൽ കേന്ദ്ര മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവർത്തനങ്ങൾക്ക് മാത്രം ഒരു കോടി രൂപയിൽ അധികരിക്കാത്ത പ്രവർത്തനങ്ങൾ അനുവദിക്കുന്നതിന് അനുമതി നൽകുന്നു. |
| 5 | മലപ്പുറം | ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ നിരീക്ഷണത്തിൽ വാട്ടർ കിയോസ്കുകൾ വഴി കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി നൽകുന്നു. |
| 6 | കോഴിക്കോട് | ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ നിരീക്ഷണത്തിൽ വാട്ടർ കിയോസ്കുകൾ വഴി കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി നൽകുന്നു. |
| 7 | വയനാട് | ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ നിരീക്ഷണത്തിൽ വാട്ടർ കിയോസ്കുകൾ വഴി കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി നൽകുന്നു. |
| 8 | കണ്ണൂർ | ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ നിരീക്ഷണത്തിൽ വാട്ടർ കിയോസ്കുകൾ വഴി കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി നൽകുന്നു. |
| 9 | കാസറഗോഡ് | ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ നിരീക്ഷണത്തിൽ വാട്ടർ കിയോസ്കുകൾ വഴി കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി നൽകുന്നു. |

3) ഈ ജില്ലകളിൽ അധികമായി വാട്ടർ കിയോസ്കുകൾ ആവശ്യമാണെങ്കിൽ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം അംഗീകരിച്ച റേറ്റിൽ അധികരിക്കാതെയും അംഗീകൃത ഏജൻസിയിൽ നിന്നും പോളിമർ ടാങ്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് അനുമതി നല്കുന്നു. കൂടാതെ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ മാത്രം ജി.പി.എസ് ഘടിപ്പിച്ച ടാങ്കറിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ നിരീക്ഷണത്തിൽ കുടിവെള്ള വിതരണം നടത്തുന്നത് ജില്ലാ കലക്ടർമാർക്ക് നേരിട്ട് നിർണ്ണയിക്കാവുന്നതാണ്.

4) തദ്ദേശ സ്വയംഭരണ വകുപ്പ് പരാമർശം (2) ഉത്തരവ് പ്രകാരം അനുവദിച്ച തുക ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രമേ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കുടിവെള്ള വിതരണം സംബന്ധിച്ച് പണം വിനിയോഗിക്കാവൂ എന്ന് നിർദ്ദേശിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**പി.എച്ച് കുര്യൻ**

അഡീഷണൽ ചീഫ് സെക്രട്ടറി

& സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ/ ഇടുക്കി/ തൃശ്ശൂർ/ പാലക്കാട്/ മലപ്പുറം/ കോഴിക്കോട്/ വയനാട്/ കണ്ണൂർ/ കാസറഗോഡ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ , തിരുവനന്തപുരം-33
ഹെഡ് (സയന്റിസ്റ്റ്), സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം. ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ , തിരുവനന്തപുരം-33
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം/ എറണാകുളം/ തൃശ്ശൂർ/ കോഴിക്കോട്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് :-

മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
കൃഷി വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
മൃഗ സംരക്ഷണ വകുപ്പ്
ജല വിഭവ വകുപ്പ്
ദുരന്ത നിവാരണ (ബി) വകുപ്പിന്
വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
ദുരന്ത നിവാരണ വകുപ്പ് (ഡി.എം.1, ഡി.എം.2, ഡി.എം.4) സീറ്റുകൾക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ